## ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 18.12.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു.

   **Both the Houses of Parliament have been adjourned till 2 PM following ruckus by the Opposition.**

2. രാഷ്ട്രപതി ദ്രൗപദി മുർമു ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കും.

   **President Murmu to inaugurate new facilities at Rashtrapati Nilayam in Telangana.**

3. വയനാട് ഉരുൾപൊട്ടൽ പുനരധിവാസ ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേന്ദ്രത്തോട് ഹൈക്കോടതി.

   **The Kerala High Court has asked the Centre to consider granting necessary relaxations to make available the Wayanad landslide rehabilitation fund.**

4. ലോകത്തെ സ്മാർട്ട്ഫോൺ കയറ്റുമതിയിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനം.

   **India has become the 3rd largest exporter of smartphones in the world.**

5. ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം ടെസ്റ്റ് സമനിലയിൽ; അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ഇന്ത്യൻ ഓഫ് സ്പിന്നർ ആർ അശ്വിൻ.

   **In Cricket, the third Test of the Border-Gavaskar Trophy at the Gabba, in Brisbane ended in a dramatic draw. India's star all-rounder,**

Ravichandran Ashwin, has announced his retirement from international cricket.

&&&&&&&&&&&&&&&&

# HEADLINE – 1
## PAR-ADJOURN - INTRO

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു. ഡോ. ബി ആർ അംബേദ്കറെ അപമാനിക്കുന്ന തരത്തിൽ ഇന്നലെ രാജ്യസഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പ്രസ്താവന നടത്തിയെന്നാരോപിച്ച് കോൺഗ്രസ്, ഡിഎംകെ, ഇടത് അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വെക്കുകയായിരുന്നു. ഡോ. ബി ആർ അംബേദ്കറെ എപ്പോഴും അപമാനിച്ചിരുന്നത് കോൺഗ്രസ് പാർട്ടിയായിരുന്നുവെന്ന് കേന്ദ്ര പാർലമെന്ററികാര്യ സഹമന്ത്രി അർജുൻ റാം മേഘ് വാൾ പറഞ്ഞു.

**(VOICE)**

രാജ്യസഭയിലും ഇതേ വിഷയത്തിൽ ബഹളം തുടർന്നതിനാൽ നടപടികൾ 2 മണി വരെ നിർത്തിവെച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&

# HEADLINE – 2
## PREZ- TELANGANA AND AP

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിലെ രാഷ്ട്രപതി നിലയത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും. വെള്ളിയാഴ്ച സെക്കന്തരാബാദിലെ കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് PRESIDENT'S COLOURS ബഹുമതി സമ്മാനിക്കും. അഞ്ചു ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന സന്ദർശനത്തിന്റെ

ഭാഗമായി ഇന്നലെ മംഗളഗിരി എയിംസിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. താങ്ങാനാവുന്ന മെഡിക്കൽ ടൂറിസത്തിൻ്റെ കേന്ദ്രമായി ഇന്ത്യ വളർന്നു വരികയാണെന്നും ഈ പുരോഗതിയിൽ ഡോക്ടർമാർക്ക് നിർണായക പങ്കുണ്ടെന്നും ശ്രീമതി മുർമു ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&

## ONOE - JPC

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ വിപുലമായ കൂടിയാലോചനകൾക്കായി സംയുക്ത പാർലമെന്ററി സമിതിക്ക് അയയ്ക്കാൻ തയാറെന്ന് കേന്ദ്രസർക്കാർ. എല്ലാ തലത്തിലും വിശദമായി ചർച്ച ആവശ്യമായതിനാൽ ബിൽ ജെപിസിക്ക് അയക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നിർദ്ദേശിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചിരുന്നു. രാജ്യത്ത് ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താൻ ലക്ഷ്യമിട്ടുള്ളതാണ് ബില്ലുകൾ.

&&&&&&&&&&&&&&&&

## DOVAL CHINA TALKS

ഇന്ന് ബീജിംഗിൽ നടക്കുന്ന ഇന്ത്യ-ചൈന പ്രത്യേക പ്രതിനിധികളുടെ ചർച്ചയിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പങ്കെടുക്കും. ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി പ്രത്യേക പ്രതിനിധി ചർച്ചയുടെ 23-ാംം റൗണ്ടിലാണ് ശ്രീ ഡോവൽ പങ്കെടുക്കുന്നത്. ഉഭയകക്ഷി ബന്ധം പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ കിഴക്കൻ ലഡാക്കിലെ സൈനിക സംഘർഷത്തെത്തുടർന്ന് നാല് വർഷത്തിലേറെയായി നിലച്ചിരുന്നു.

&&&&&&&&&&&&&&&&&

## HEADLINE – 4
## SMARTPHONE EXPORT

ലോകത്തെ സ്മാർട്ട്ഫോൺ കയറ്റുമതിയിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനം. 2019ലെ 23-ാം സ്ഥാനത്തു നിന്നുമാണ് ഈ കുതിപ്പ്. രാജ്യത്തെ സ്മാർട്ട്ഫോൺ കയറ്റുമതി 2024 നവംബറിൽ, ഒറ്റ മാസത്തിൽ തന്നെ 20,000 കോടി രൂപയിലധികം പിന്നിട്ടതായി കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തെ അപേക്ഷിച്ച് 92 ശതമാനം വർധനയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര ഇലക്ട്രോണിക്സ്, വിവര സാങ്കേതിക മന്ത്രി അശ്വിനി വൈഷ്ണവ് ഈ നേട്ടത്തെ അഭിനന്ദിക്കുകയും 'മേക്കിംഗ് ഭാരത് സ്റ്റോറി' എന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&

## REDDY LANGUAGES

അടിസ്ഥാന സൗകര്യം, സാമ്പത്തികം, കൃഷി എന്നീ മേഖലകളിലെ വികസനത്തിനൊപ്പം സാംസ്കാരിക വികസനത്തിനും ഐക്യത്തിനും സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി. രാജ്യത്തിൻറെ ഐക്യത്തിന്റെയും സാംസ്കാരിക ചരിത്രത്തിൻറെയും സുപ്രധാന അടിത്തറയാണ് നമ്മുടെ ഭാഷകളെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഭാഷകൾ ആശയവിനിമയത്തിനുള്ള മാർഗം മാത്രമല്ല, അറിവിൻറെയും സംസ്കാരത്തിൻറെയും പാരമ്പര്യത്തിൻറെയും പ്രധാന പൈതൃകമാണെന്നും അദ്ദേഹം വ്യക്തമാക്കി. 11 ഭാഷകൾക്ക് ശ്രേഷ്ഠ ഭാഷാ പദവി നൽകിയ ഏക രാജ്യം ഇന്ത്യയാണെന്നും ശ്രീ ജി.കിഷൻ റെഡ്ഡി പറഞ്ഞു.

&&&&&&&&&&&&&&&&&

## INS NIRDESHAK

ഇന്ത്യൻ നാവിക സേനയുടെ INS നിർദേശക് ഇന്ന് കമ്മീഷൻ ചെയ്യും. കേന്ദ്ര പ്രതിരോധ സഹമന്ത്രി സഞ്ജയ് സിങ് വിശാഖപട്ടണത്ത് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കും. നാവിക സേനയുടെ രണ്ടാമത്തെ സർവ്വെ കപ്പലാണ് നിർദേശക്. 25 ദിവസം വരെ കടലിൽ നിരീക്ഷണം നടത്താൻ ശേഷിയുള്ളതാണ് ഈ കപ്പൽ.

&&&&&&&&&&&&&&&&&

## NITI AAYOG- IGIDR WORKSHOP

നിതി ആയോഗ്, കാലിഫോർണിയ സർവകലാശാല ബെർക്ക്‌ലി, ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെൻറ് റിസർച്ച് എന്നിവ സംയുക്തമായി സംഘടിപ്പിച്ച 'International Workshop on India's Multiple Transitions: Financing a big Investment Push എന്ന രണ്ട് ദിവസത്തെ വർക്ക് ഷോപ്പ് ഇന്നലെ മുംബൈയിൽ സമാപിച്ചു. വെല്ലുവിളികൾക്കിടയിലും, പത്താമത്തെ വലിയ സമ്പദ്‌വ്യവസ്ഥയിൽ നിന്ന് അഞ്ചാം സ്ഥാനത്തേക്കുള്ള ഇന്ത്യയുടെ കുതിപ്പ് അവിശ്വസനീയമാണെന്നും നിതി ആയോഗ് ഉപ അധ്യക്ഷൻ സുമൻ കെ ബെറി പറഞ്ഞു.

&&&&&&&&&&&&&&&&&

## JITENDRA SINGH - INTRO

കീടനാശിനികളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകുന്ന 'കിസാൻ കവച്' പുറത്തിറക്കി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. കർഷകരുടെ ആരോഗ്യ സുരക്ഷക്കായുള്ള നിർണായക നീക്കമാണ് കിസാൻ കവച് എന്ന് ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

(ഹോൾഡ് വോയിസ് )

രാജ്യത്ത് ആദ്യമായാണ് കീടനാശിനിയുടെ നേരിട്ടുള്ള ഉപയോഗത്തിലൂടെ ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി കിസാൻ കവച് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 3
## WAYANAD REHABILITATION

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ അടിയന്തരമായി ഉപയോഗിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി. ഇത് സംബന്ധിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിക്ക് കത്ത് നൽകാൻ സംസ്ഥാനത്തോടും നിർദ്ദേശിച്ചു. 2025 ജനുവരി 10നകം കേന്ദ്രസർക്കാർ മറുപടി നൽകണം. പുതുവത്സരവുമായി ബന്ധപ്പെട്ട് വയനാട്ടിൽ നടക്കാനിരിക്കുന്ന സൺ ബേൺ മ്യൂസിക് ഫെസ്റ്റിവലിൻറെ ഭാഗമായി ആളുകൾ എത്തുന്നത് സംബന്ധിച്ച വിവരം നാളെ ഹൈക്കോടതിയ്ക്ക് കൈമാറണമെന്നും സംസ്ഥാനത്തോട് നിർദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## PRAVASI DIVAS

പ്രവാസികളുമായി ബന്ധപ്പെട്ട നിയമനിർമാണം സർക്കാരിന്റെ പരിഗണനയിലാണെന്നും വൈകാതെ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മന്ത്രി വി. അബ്ദുറഹിമാൻ. നോർക്ക റൂട്ട്സ് ലോക കേരള സഭ

സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാര്യക്ഷമമായ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻ പ്രവാസികൾ മുന്നോട്ട് വരണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## HEADLINE – 5

## REV. DAY CRICKET - IND - AUS- RESULT

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം ടെസ്റ്റ് മഴ കാരണം സമനിലയിലേക്ക്. രണ്ടാം ഇന്നിംഗ്സിൽ ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ മഴയെ തുടർന്ന് കളി നിർത്തുമ്പോൾ വിക്കറ്റ് നഷ്ടമില്ലാതെ 8 റൺസ് എന്ന നിലയിലായിരുന്നു. ഇന്ത്യക്ക് ജയിക്കാൻ 267 റൺസ് വേണ്ടിയിരുന്നപ്പോഴാണ് മഴ കളി തടസപ്പെടുത്തിയത്. നേരത്തെ, അഞ്ചാം ദിനം, ഓസ്ട്രേലിയയുടെ 445 എന്ന സ്കോറിന് മറുപടിയായി ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 260 റൺസിന് ഓൾഔട്ടായി. 9 വിക്കറ്റ് നഷ്ടത്തിൽ 252 എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യക്ക് എട്ടു റൺസ് മാത്രമേ കൂട്ടി ചേർക്കാനായുള്ളൂ. 84 റൺസെടുത്ത കെ എൽ രാഹുലും 77 റൺസെടുത്ത രവീന്ദ്ര ജഡേജയുമാണ് ഇന്ത്യയുടെ ടോപ് സ്കോറർമാർ. ബ്രിസ്ബേനിലെ ഗാബയിൽ നടക്കുന്ന ടെസ്റ്റിൽ ഇന്ത്യ കഷ്ടിച്ചാണ് ഫോളോ-ഓൺ ഒഴിവാക്കിയത്. ഓസ്ട്രേലിയക്കുവേണ്ടി പാറ്റ് കമ്മിൻസ് നാലും, മിച്ചൽ സ്റ്റാർക്ക് മൂന്നും വിക്കറ്റ് വീഴ്ത്തി. അഞ്ച് മത്സരങ്ങളുടെ പരമ്പര നിലവിൽ 1-1ന് സമനിലയിലാണ്. പരമ്പരയിലെ നാലാം ടെസ്റ്റ് മത്സരം ഈ മാസം 26ന് മെൽബണിൽ ആരംഭിക്കും.

&&&&&&&&&&&&&&&&

## HEADLINE – 5 (A)
## R ASWIN-RETIRES

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കുന്നതായി ഓഫ് സ്പിന്നർ ആർ അശ്വിൻ. ബ്രിസ്ബെയ്നിൽ നടന്ന ബോർഡർ - ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൻറെ മൂന്നാം മത്സരം അവസാനിച്ചപ്പോഴാണ് അശ്വിൻ തീരുമാനം അറിയിച്ചത്. മഴ കാരണം മത്സരം സമനിലയിൽ അവസാനിച്ചു. 106 ടെസ്റ്റുകളിൽ നിന്ന് 537 വിക്കറ്റുകൾ നേടിയ അശ്വിൻ, ലെഗ് സ്പിന്നർ അനിൽ കുംബ്ലെയ്ക്ക് ശേഷം ഏറ്റവും കൂടുതൽ വിക്കറ്റ് നേടുന്ന ഇന്ത്യൻ താരമാണ്. ആറ് ടെസ്റ്റ് സെഞ്ചുറികളും 14 അർധസെഞ്ചുറികളും നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## IFFK

കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ആറാം ദിനത്തിൽ തിയറ്ററുകളിൽ മികച്ച പ്രേക്ഷക പങ്കാളിത്തം. ചലച്ചിത്രങ്ങളുടെ ആദ്യ പ്രദർശനം പോലെ തന്നെ മനസ്സിൽ പതിഞ്ഞ സിനിമകൾ ഒരിക്കൽ കൂടി കാണാനുള്ള അവസരവും പ്രയോജനപ്പെടുത്തുകയാണ് ചലച്ചിത്ര പ്രേമികൾ. ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്ര മേളകളിൽ പ്രേക്ഷക പ്രശംസയും പുരസ്കാരങ്ങളും നേടിയ ഏഴു ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കും. മിഡ്നൈറ് സ്ക്രീനിങ്ങിന്റെ ഭാഗമായി ഹൊററർ ചിത്രമായ 'ദി ലോങ്ങ്ലെഗ്സ്', രാത്രി 12 മണിക്ക് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&